നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 14, ബുധൻ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1979 മാർച്ച് 14-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം 471

സ്കൂളുകളിലെ അദ്ധ്യയന സമയം

* 447 [471] ശ്രീ. ജി. പി. മംഗലത്തു മഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരുടേയും വിദ്യാർത്ഥിനികളുടേയും യാത്രാ സൗകര്യം ഉദ്ദേശിച്ച് സ്കൂളുകളിലെ അദ്ധ്യയന സമയം രാവിലെ 9 മണി മുതൽ വൈകീട്ട് 3 മണി വരെയാക്കി മാറ്റുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് അടുത്ത സ്കൂൾ വർഷം മുതൽ ആരംഭിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): (എ), (ബി) തൽക്കാലം അങ്ങനെ ഉദ്ദേശമില്ല.

ശ്രീ. ജി. പി. മംഗലത്തുമഠം: ഇതര സംസ്ഥാനങ്ങളിൽ യാത്രാ സൗകര്യത്തെ ഉദ്ദേശിച്ച് സ്കൂളുകളിലെ അദ്ധ്യയന സമയം രാവിലെ 9 മണി മുതൽ 3 മണി വരെയാക്കി നിശ്ചയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതു വിജയിച്ചിട്ടുണ്ടെന്നുള്ള കാര്യം അറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: എല്ലാ സംസ്ഥാനങ്ങളും വിജയിച്ചിട്ടില്ല. എന്നു മാത്രവുമല്ല നമ്മുടെ സംസ്ഥാനത്തെ പരിത സ്ഥിതികൂടി ആലോചിക്കണമല്ലോ.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് പരീക്ഷണാർത്ഥ മെങ്കിലും ഇതൊന്നു നടത്തി നോക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ തൽക്കാലം പരീക്ഷ ണാർത്ഥം നടത്താൻ ഉദ്ദേശിക്കുന്നില്ല എന്നു മാത്രമല്ല ഇങ്ങനെ ഒരു ആലോചന വന്നപ്പോൾ തന്നെ അദ്ധ്യാപകസംഘടനകളോടാലോചിച്ചിട്ടേ ചെയ്യാവൂ എന്നും അവർ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു പരി ചിന്തനത്തിനുശേഷം മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളു.

ശ്രീ. ടി. എം. ജേക്കബ്: വളരെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ സ്കൂളിലും ആഫീസിലുമൊക്കെ പോകുന്നവർക്ക് വളരെ ബുദ്ധി മുട്ടുണ്ട്. അദ്ധ്യയന സമയം 9.30-ഉം ആഫീസ് സമയം 10 -ഉം ആണ്. ഈ peak hours - ൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടിയെ കിലും ഇതൊന്ന് നടപ്പിലാക്കിക്കൂടേ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അതിനു വേറെ ചില ബുദ്ധി മുട്ടുകൾകൂടി ഉണ്ട്. ചില സ്കൂളുകളിൽ രാവിലെ മതപഠനം നട ക്കുന്നുണ്ട്.

ശ്രീ. പി. ജെ. തോമസ്: വളരെയധികം ജനത്തിരക്കുള്ള തിരുവനന്ത പുരം സിറ്റിയിലെങ്കിലും ഇതൊന്നു പരീക്ഷിച്ചു നോക്കിക്കൂടേ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതിനു മുമ്പ് വിദ്യാർത്ഥി കളും അദ്ധ്യാപകരുമായി ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് പെട്ടെന്ന് അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. ബി. ആർ. പിള്ള: യാത്രാ സൗകര്യത്തെ മാത്രം പരിഗ ണിക്കാതെ വേനൽക്കാലത്തെ അത്യുഗ്രമായ ചൂടിൽനിന്നും കുട്ടികളെ രക്ഷിക്കാൻവേണ്ടി രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയാക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഉച്ചയ്ക്ക് 1 മണിക്ക് നല്ല ചൂടായിരിക്കും.

ശ്രീ. പി. ശങ്കർ: തിരക്കേറിയ ഈ സമയത്ത് ധാരാളം ആക്സി ഡൻറുകൾ ഉണ്ടാകുന്നു എന്നതു കണക്കിലെടുത്ത് സ്കൂൾ സമയം മാറണമെന്നുള്ള അഭിപ്രായം ഗവൺമെൻറ് വകുപ്പുതലത്തിൽ തന്നെ ഉണ്ടായിരുന്നു. ആ അഭിപ്രായം ഇപ്പോഴില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ആക്സിഡൻറുണ്ടാകുന്നത് ഇതുകൊണ്ടല്ല. വാഹനങ്ങളുടെ റഷ് ആണ് അതിനു പ്രധാന കാരണം. സമയത്തിൽ മാറ്റം വരുത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ഫിലിം അവാർഡുകൾ

*448 [472] ശ്രീ. വക്കം പുരുഷോത്തമൻ:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. എം. പി. ഗംഗാധരൻ:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഫിലിം അവാർഡുകൾക്ക് മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ ചിത്രങ്ങൾ സമർപ്പിക്കപ്പെട്ടിരുന്നുവോ;

(ബി) അവാർഡുകൾ പ്രഖ്യാപിച്ചത് എന്നാണ്;

(സി) ഏതെല്ലാം ചിത്രങ്ങൾക്ക് അവാർഡു നൽകി;

(ഡി) ആരെല്ലാം അവാർഡിന് അർഹരായി;

(ഇ) ബെസ്റ്റ് ഫീച്ചർ ഫിലിമിനുള്ള അവാർഡ് രണ്ടു ചിത്രങ്ങൾക്കായി നൽകിയതിൻെറ കാരണമെന്ത്;

(എഫ്) റിലീസ് ചെയ്യാത്ത ചിത്രത്തിന് അവാർഡ് പ്രഖ്യാപിക്കരുതെന്ന് നിർദ്ദേശിക്കുമോ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) സമർപ്പിച്ചിരുന്നു.

(ബി) 15.2.1979

(സി, ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) രണ്ടു ചിത്രങ്ങളും ഒന്നാം സ്ഥാനത്തിന് അർഹമാണെന്ന് ജഡ്ജിംഗ് കമ്മിറ്റി ഏകകണ്ഠമായി അഭിപ്രായപ്പെട്ടതുകൊണ്ടാണ്.

(എഫ്) നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് ഒരു കലണ്ടർ വർഷത്തിൽ (ജനുവരി 1 മുതൽ ഡിസംബർ 31 വരെ) സെൻസർ ചെയ്ത ചലച്ചിത്രങ്ങളാണ് അക്കൊല്ലത്തെ സ്റ്റേറ്റ് അവാർഡുകൾക്ക് പരിഗണിക്കപ്പെടാൻ അർഹമാകുക.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: എ - ചോദ്യത്തിൻെറ മറുപടി എന്താണെന്നു മനസ്സിലായില്ല.

ശ്രീ. എസ്. വരദരാജൻ നായർ: ഈ വർഷത്തെ ഫിലിം അവാർഡുകൾക്ക് മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ ചിത്രങ്ങൾ സമർപ്പിക്കപ്പെട്ടിരുന്നോ എന്നാണ് ചോദ്യം. സമർപ്പിക്കപ്പെട്ടിരുന്നു എന്ന് ഉത്തരം.

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly